**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1416** — **03-02-2026 - ൽ മറുപടിയ്ക്ക്**

**ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാര നിരീക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1)കുട്ടികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ഇവയുടെ സാംപിളുകൾ എൻ.എ.ബി.എൽ അക്രഡിറ്റേഷനുള്ള ലാബിൽ മൈക്രോബയോളജിക്കൽ പരിശോധന നടത്തുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>2) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സുഗമവും കാര്യക്ഷമവുമാക്കുന്നതിന് സ്കൂൾതല ഉച്ചഭക്ഷണ കമ്മറ്റികൾ പുനഃസംഘടിപ്പിക്കുകയും വിദ്യാർത്ഥികളുടെ പ്രതിനിധി, പാചകതൊഴിലാളി എന്നിവരെ കൂടി കമ്മറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. എയ്ഡഡ് സ്കൂളുകളിലെ ഉച്ചഭക്ഷണ കമ്മറ്റികളിൽ മാനേജർ/ മാനേജരുടെ പ്രതിനിധിയെ ഉൾപ്പെടുത്തി.<br><br>3) പൊതുവിദ്യാഭ്യാസ വകുപ്പ് തലത്തിൽ നിന്നും ജില്ലാ. ഉപ ജില്ലാ തലങ്ങളിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, സ്കൂൾ പ്രഥമാധ്യാപകർ എന്നിവർക്ക് വർഷം തോറും പരിശീലനം നൽകി വരുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രഥമ അധ്യാപകർക്കും, പാചക തൊഴിലാളികൾക്കും അവരുടെ സഹായികൾക്കും അടുക്കളയിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളും/ ശുചിത്വ മാനദണ്ഡങ്ങളും സംബന്ധിച്ച് പരിശീലനം നൽകി വരുന്നുണ്ട് .സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ സുതാര്യത സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിലേക്കായി സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഓഡിറ്റിംഗിന് വിധേയമാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | 4) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകളിൽ വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളടക്കമുള്ള സാധന സാമഗ്രികൾ (ഭക്ഷ്യധാന്യം ഒഴികെ) ഗുണമേന്മയുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിനും സാധന സാമഗ്രികൾ നേരിട്ട് സ്കൂളുകളിൽ എത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതി നുമുള്ള ഉത്തരവാദിത്വം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക് നൽകികൊണ്ട് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.<br><br>5) സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാ നുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മോണിറ്ററിംഗ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കുട്ടികൾക്കും മാതാപിതാക്കൾക്കും പരാതി നൽകാൻ ഹെൽപ്പ് ലൈൻ അല്ലെങ്കിൽ ഓൺലൈൻ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ, പരാതികൾ എന്നിവ നേരിട്ടോ, തപാൽ മാർഗ്ഗമോ, ഫോൺ/ ഇ-മെയിൽ മുഖാന്തിരമോ സമർപ്പിക്കുന്നതിന് 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിൽ പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ